**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 06 .02. 2023

# കൈക്കൂലി വാങ്ങുന്നതിന്നിടയിൽ ഡോക്ടർ വിജിലൻസ് പിടിയിൽ

ചേർത്തല താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് & ലാപ്രോ സ്കോപിക് സർജനായ ഡോക്ടർ രാജൻ.ആർ-നെ 2500/- രൂപ കൈക്കൂലി വാങ്ങുന്നതിന്നിടയിൽ ഇന്ന് (06.02.2023) വിജിലൻസ് പിടികൂടി.

Tubectomy (സ്ത്രീകൾക്ക് പ്രസവം നിർത്തുന്നതിനുള്ള ശസ്ത്രക്രിയ) ശസ്ത്രക്രിയയ്ക്കായി ചേർത്തല താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് & ലാപ്രോ സ്കോപിക് സർജനായ ഡോക്ടർ രാജൻ.ആർ-നെ നാലു പ്രാവശ്യം പരാതിക്കാരി ആശുപത്രി ഒ.പിയിൽ ചെന്ന് കണ്ടിരുന്നുവെങ്കിലും ഓരോ കാരണങ്ങൾ പറഞ്ഞ് ഡോക്ടർ സർജറി നീട്ടിക്കൊണ്ട് പോവുകയായിരുന്നു. തുടർന്ന് കഴിഞ്ഞ വ്യാഴാഴ്ച വീണ്ടും ഡോക്ടറുടെ ഒ.പി-യിൽ എത്തിയ പരാതിക്കാരിയോട് ആശുപത്രിയിൽ പ്രവേശിപ്പിച്ച് ശസ്ത്രക്രിയ നടത്തുന്നതിന് 2500/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും അത് ഇന്ന് (06.02.2023) വൈകിട്ട് 3.30 മണിയോടെ ചേർത്തല മതിലകത്ത് ഡോക്ടറുടെ ഭാര്യാവീടിന് സമീപത്തുള്ള സ്വകാര്യ പ്രാക്ടീസ് സ്ഥലത്ത് എത്തിയ്ക്കണമെന്ന് ആവശ്യപ്പെടുകയുമാണ് ചെയ്തത്. പരാതിക്കാരി വിവരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ കിഴക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. വിനോദ് കുമാറിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം വിജിലൻസ് ആലപ്പുഴ യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ.ഗിരീഷ്.പി. സാരഥിയുടെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി പരാതിക്കാരിയിൽ നിന്നും ഇന്ന് പണം കൈപ്പറ്റവേ ഡോ. രാജൻ.ആർ-നെ കൈയ്യോടെ പിടികൂടുകയായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ പോലീസ് ഇൻസ്പെക്ടറായ ശ്രീ. സുനിൽകുമാർ..ജി, ആർ.രാജേഷ് കുമാർ, ശ്രീ. എം.കെ. പ്രശാന്ത് കുമാർ പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. സ്റ്റാൻലി തോമസ്, ശ്രീ. സത്യപ്രഭ പോലീസ് ഉദ്യോഗസ്ഥരായ ശ്രീ.ജയലാൽ, കിഷോർകുമാർ, ജോസഫ്, ഷിജു, ശ്യാംകുമാർ, സാബു, ജോഷി, സനൽ, ബിജു, നീതു, രജനിരാജൻ, മായ, ജാൻസി എന്നിവരും ഉണ്ടായിരുന്നു.